**Lalith Babu**

# ഒന്നാം അപ്പീൽ തീർപ്പാക്കൽ

- വിവരാവകാശ അപേക്ഷ സമർപ്പിച്ച 30 ദിവസം പൂർത്തിയായതിനു ശേഷമോ അല്ലെങ്കിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസറിൽ നിന്നും മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിലോ ഒന്നാം അപ്പീൽ സമർപ്പിക്കണം
- എന്നാൽ അപ്പീൽ സമർപ്പിക്കാൻ കാലതാമസം നേരിട്ടാൽ കാലതാമസത്തിനുള്ള കാരണം തൃപ്തികരമാണെന്നു അപ്പീൽ അധികാരിക്ക് ബോധ്യപ്പെട്ടാൽ ഈ സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപ്പീലും സ്വീകരിക്കാവുന്നതാണ്
- ഒന്നാം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ (Quasi judicial ) പ്രവർത്തിയാണ്
- ഒന്നാം അപ്പീൽ പെറ്റീഷൻ ലഭിച്ച 30 ദിവസത്തിനകം ഒന്നാം അപ്പീൽ തീർപ്പാക്കണം
- എന്നാൽ ഒഴിവാക്കാനാവാത്ത സാഹചര്യങ്ങൾ കാരണം 30 ദിവസത്തിനകം അപ്പീൽ തീർപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ അപ്പീൽ തീർപ്പാക്കുന്നതിന് 15 ദിവസങ്ങൾ വരെ കൂടുതൽ എടുക്കാവുന്നതാണ് (ആകെ 45 ദിവസം )
- അങ്ങനെയെങ്കിൽ ഇപ്രകാരം കൂടുതൽ ദിവസങ്ങൾ എടുക്കാനുണ്ടായ സാഹചര്യം അപ്പീൽ തീർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്
- അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർക്കും അപേക്ഷകനും ഹിയറിംഗ് അനുവദിക്കേണ്ടതാണ്.
- എന്നാൽ അപേക്ഷകൻ ഹിയറിംഗിനു ഹാജരാകണമെന്നു നിർബന്ധമില്ല
- അപേക്ഷകൻ ഹിയറിംഗിനു ഹാജരാകാതിരിക്കുന്നത് ഒരു ന്യൂനതയായി കണക്കാക്കരുത്
- അപ്പീൽ പെറ്റീഷന്റെ ഒരു പകർപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചു കൊടുത്തു അതിന്മേൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസരുടെ റിമാർക്സ് വാങ്ങേണ്ടതാണ്
- അപ്പീൽ തീർപ്പാക്കൽ ഒരു അർദ്ധ ജുഡീഷ്യൽ (Quasi judicial ) പ്രവർത്തിയായതിനാൽ അപ്പീൽ തീർപ്പാക്കിക്കൊണ്ട് പ്രോസീഡിംഗ്സ് പുറപ്പെടുവിക്കേണ്ടതാണ്
- അപ്പീൽ തീർപ്പ് speaking order–ൽ ആയിരിക്കണം. അപ്പീൽ അധികാരിയുടെ നിരീക്ഷണവും തീരുമാനവും വ്യക്തമായി അപ്പീൽ പ്രോസീഡിംഗ്സിൽ രേഖപ്പെടുത്തിയിരിക്കണം
- വിവരം നൽകാനാണ് ഉത്തരവാകുന്നതെങ്കിൽ അത് എത്ര ദിവസത്തിനകം നൽകണം, പകർപ്പുകൾ സൌജന്യമായി നൽകേണ്ടതുണ്ടോ, അങ്ങനെയെങ്കിൽ അതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുണ്ടോ തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി അപ്പീൽ തീർപ്പിൽ രേഖപ്പെടുത്തിയിരിക്കണം
- മൂന്നാം കക്ഷി വിവരങ്ങൾ ഉൾപ്പെട്ട വിഷയത്തിൽ വകുപ്പ് 11 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
- വിവരങ്ങൾ നൽകുന്നതിനെതിരെ മൂന്നാം കക്ഷിക്ക് ആക്ഷേപമുണ്ടെങ്കിൽ ആക്ഷേപം രേഖാമൂലം ബോധിപ്പിക്കാനും മൂന്നാം കക്ഷിക്ക് പറയാനുള്ളത് കേൾക്കാനും **(Hearing)** അവസരം നൽകണം
- മൂന്നാം കക്ഷിയുടെ അവകാശവാദം നിരസിക്കാനാണ് തീരുമാനമെങ്കിൽ ഈ തീരുമാനത്തിനെതിരെ മൂന്നാം കക്ഷിക്ക് അപ്പീൽ സമർപ്പിക്കാനുള്ള അവസരം നൽകേണ്ടതാണ്. അപ്പീൽ തീർപ്പിന് വിധേയമായിട്ടേ തുടർനടപടി സ്വീകരിക്കാൻ പാടുള്ളൂ
- അപേക്ഷകൻ ആദ്യം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ നിന്ന് വ്യത്യസ്ഥമായ കാര്യങ്ങൾ/ ആവശ്യങ്ങൾ അപ്പീൽ സമയത്ത് ഉന്നയിക്കാൻ പാടില്ല
- ഒന്നാം അപ്പീൽ തീർപ്പാക്കുമ്പോൾ രണ്ടാം അപ്പീൽ അധികാരിയുടെ വിവരങ്ങൾ സൂചിപ്പിച്ചിരിക്കേണ്ടതാണ്